6866
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജുകൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രചാരണം നൽകുന്നതിന് ഹാന്റ് ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയ ഉത്തരവ് പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.348/2015/സാനീവ തിരുവനന്തപുരം , തീയതി, 08.06.2015

=====================================================================

പരാമർശം : 1. 19.03.2015 ലെ സ.ഉ (സാധാ) നം 150/15/സാനീവ

2. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 7.04.2015 ലെ OCB 1/2633/14 നമ്പർ കത്ത്

## ഉത്തരവ്

ഓർഫനേജുകൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രചാരണം നൽകുന്നതിന് ഹാന്റ്ബുക്ക് പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയും മേൽ ആവശ്യത്തിന് 5,24,895/- രൂപ 2235 -60 -200 -83 (പ്ലാൻ) ശീർഷകത്തില നിന്നും അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

2. പ്രിന്റിംഗ് ജോലികൾ ആരംഭിച്ചുവെങ്കിലും മാർച്ച് മാസത്തിൽ തുക ലഭ്യമല്ലാതെ വന്നതിനാൽ മേൽ തുക മാറിയെടുക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടായെന്നും ആയതിനാൽ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 2235-60-200-83 (പി) ശീർഷകത്തിൽ നിന്ന് ടി പദ്ധതിക്കാവശ്യമായ തുകയായ 5,24,845/ - രൂപ അനുവദിച്ച് ഉത്തരവാകണമെന്നും പരാമർശം (2) ലെ കത്തു പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓർഫനേജുകൾ, ധർമ്മസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പാക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക്

ആവശ്യമായ പ്രചാരണം നൽകുന്നതിന് ഹാന്റ് ബുക്ക് പ്രസിദ്ധീകരിക്കുവാൻ അനുമതി നൽകി ഉത്തരവ് revalidate ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് ( വർക്കിംഗ് ഗ്രൂപ്പ് തീരുമാനം)
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ